# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3344    13.03.17 ൽ മറുപടിയ്ക്ക്

**ഡ്രൈവിംഗ് ബോധവത്കരണ ക്ലാസ്സ്**

| ചോദ്യം<br>ശ്രീ. പി.സി. ജോർജ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ നിലവിലുള്ള റോഡു നിയമങ്ങൾ ലംഘിച്ചുകൊണ്ട് വാഹനം അമിത വേഗത്തിൽ ഓടിയ്ക്കുന്നതുമൂലം അനേകം മനുഷ്യജീവനുകൾ പൊലിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ ഏതെങ്കിലും തരത്തിലുള്ള ബോധവത്ക്കരണം നൽകുവാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത ബോധവൽക്കരണ ക്ലാസ്സ് ഡ്രൈവിംഗ് ലൈസൻസ്സ് ഉള്ള എല്ലാവർക്കും ബാധകമാക്കുമോ; | (എ) | ഉണ്ട്. അമിതവേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും, സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തുന്ന വാഹന പരിശോധനകളിലും ഓഫീസ് തലത്തിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ, മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിത വേഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഓടിക്കുന്നവർക്കെതിരെ ലൈസൻസ് കണ്ടുകെട്ടുക, ലൈസൻസ് സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ ശിക്ഷാ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചുവരുന്നു. മേഖലാ തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള പതിനൊന്ന് ഇന്റർസെപ്റ്റർ ഉപയോഗിച്ച് വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ വാഹനങ്ങളുടെ സാന്ദ്രതകൂടിയ സ്ഥലങ്ങളിൽ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പ് തുടങ്ങിയ മറ്റു വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികൾ സ്വീകരിച്ചു വരുന്നു.<br>റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കൂടാതെ, മഴക്കാലത്തിന് മുന്നോടിയായി പ്രത്യേക പ്രീ-മൺസൂൺ പരിശോധനകളും നടത്തിവരുന്നു. റോഡു സുരക്ഷ സംബന്ധിച്ച് അവബോധം വളർത്തുന്നതിലേയ്ക്കായി വിവിധ വിഭാഗങ്ങൾക്കുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു. മാത്രമല്ല ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെ റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനിന്റെ ഭാഗമായി ഓരോതരം നിയമ ലംഘനങ്ങൾക്കെതിരെയും പോലീസും, മോട്ടോർ വാഹന വകുപ്പും സംയുക്തമായി പരിശോധനകൾ നടത്തിവരുന്നു. ഹെൽമറ്റ്, സീറ്റ് ബെൽറ്റ്, സ്കൂൾ പരിസരങ്ങളിലുള്ള ഓവർ സ്പീഡ്, മദ്യപിച്ച് വാഹനമോടിക്കൽ, മൊബൈൽ ഫോൺ ഉപയോഗം, സ്പീഡ് ഗവർണർ എന്നിവ സംബന്ധിച്ചുള്ള പരിശോധനകൾ കർശനമായി നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | കേരളത്തിൽ ആകമാനം ചെറുതും വലുതുമായ എത്ര വാഹനങ്ങളാണ് ദിനംപ്രതി റോഡുകളിൽ ഓടുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | ഇതിന്റെ കണക്ക് മോട്ടോർ വാഹന വകുപ്പ് സൂക്ഷിച്ചിട്ടില്ല |
| (സി) | റോഡുകളിൽ അപകടം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലിനായി വിവിധ തരം സൈൻ ബോർഡുകൾ സ്ഥാപിക്കാൻ ഗതാഗത വകുപ്പ് മുൻകൈ എടുക്കുമോ; വിശദമാക്കുമോ; | (സി) & (ഡി) | പൊതുമരാമത്ത് വകുപ്പിനാണ് ഇത്തരം സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല. അവശ്യ സന്ദർഭങ്ങളിൽ മോട്ടോർ വാഹന വകുപ്പും പൊതുമരാമത്ത് വകുപ്പുമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | കേരളത്തിലെ വിവിധ റോഡുകളിൽ എല്ലാ വിധത്തിലുമുള്ള സിഗ്നൽ ബോർഡുകൾ സ്ഥാപിക്കാൻ പൊതുമരാമത്തുവകുപ്പുമായി ഒത്തു ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**